LIBRARY ARCHIVES Kerala Legislative Assembly

പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

70 (415) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി സർക്കിളിനുകീഴിൽ പൂക്കൊളത്തൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, (25,000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. വള്ളുവംബ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. മേൽപ്രസ്താവിച്ച മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂക്കൊളത്തൂരിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

പാവപ്പെട്ടവർക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും സൗജന്യ വൈദ്യുതി കണക്ഷൻ

71 (416) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ സൗജന്യങ്ങളാണ് പദ്ധതി പ്രകാരം അനുവദിക്കുന്നത് ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേകമായ സംവിധാനം കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ, ആയിരം വാട്ട്സ് കണകൂഡ് ലോഡുവരെ, എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കും അഞ്ഞൂറ് വാട്സ് കണകൂഡ് ലോഡ് വരെ ബി.പി.എൽ. അപേക്ഷകർക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

1000 വാട്സ് വരെ കണകൂഡ് ലോഡുള്ള എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള വ്യക്തികൾക്കും 500 വാട്സ് വരെ കണകൂഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികൾക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്ത) വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1-12-2014 വരെ അപേക്ഷിച്ച എല്ലാ ബി.പി.എൽ. അപേക്ഷകർക്കും പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 സ്ക്വയർ ഫീറ്റിനുതാഴെയുള്ള എ.പി.എൽ. അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെമാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി ഓവർഹെഡ് ലൈൻ കണക്ഷനും സൗജന്യമായി നൽകിയിരുന്നു. കൂടാതെ, തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് 30-9-2015 വരെ തുടർന്നും കണക്ഷൻ നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ, ഈ 4 ജില്ലകളിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയായ ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)-ൽപ്പെടുത്തിയും, ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ

72 (417) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സേവന സൗകര്യങ്ങൾ വിശദമാക്കുമോ ;

(ബി) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.